**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **01-02-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ആക്രമണം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തെരുവ് നായ ശല്യം ദൂരീകരിക്കുന്നതിന് തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആകെ നഗരസഭകൾ - 93<br><br>2. 01/09/2022 മുതൽ 31/12/2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519<br><br>3. 01/09/2022 മുതൽ 31/12/2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 15922<br><br>4. 01/09/2022 മുതൽ 31/12/2022 വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 51487<br><br>5. 01/09/2022 മുതൽ 31/12/2022 വരെ വളർത്തു നായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 30553 |

6. 01/09/2022 മുതൽ 1/12/2022 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ ആകെ എണ്ണം

- 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

7. ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01/09/2022 മുതൽ 31/12/2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം -976

8. 01/09/2022 മുതൽ 31/12/2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക - 41,54,846/-

9. 01/09/2022 മുതൽ 31/12/2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

10. 01/09/2022 മുതൽ 31/12/2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ ഇ സി/ ബോധവത്ക്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ ബി സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31/08/2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

**<u>സർക്കാരിന്റെ തെരുവ് നായ ശല്യം നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈകൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ</u>**

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52,144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതു വഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81,373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ.(സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ്

| | | | |
|---|---|---|---|
| | | | പ്രകാരം തദ്ദേശ സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>തെരുവ് നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 1,71,451/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തെരുവുനായ്ക്കളിൽ പേവിഷബാധയുള്ള നായ്ക്കൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് തെരുവു നായകളുടെ ആക്രമണവും പേവിഷബാധയും ക്രമാതീതമായി വർദ്ധിച്ച വരുന്ന സാഹചര്യം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 23/08/2022 തീയതിയിലെ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ്, 15/09/2022 തീയതിയിലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകികൊണ്ട് പഞ്ചായത്ത് ഡയറക്ടർ 26/08/2022 തീയതിയിൽ PAN/12974/2022 -C8 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ വാർഡ് തല വാക്സിനേഷൻ ക്യാമ്പുകളുൾപ്പെടെ സംഘടിപ്പിച്ച് പ്രതിരോധ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വരുന്നു. തെരുവു നായകളുടെയും ഉപേക്ഷിക്കപ്പെട്ട നായകളുടെയും പുനരധിവാസത്തിനായി അഭയകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവിന് വിധേയമായി നടപടി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായകളുടെ വന്ധ്യംകരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിലേയ്ക്കായി ബ്ലോക്ക് തലത്തിൽ എ.ബി.സി സെന്ററുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | പരിശീലനം നേടിയ ഡോഗ് ക്യാച്ചേഴ്സിന്റെ അഭാവം, അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം എന്നിവ തെരുവ് നായകളുടെ വന്ധ്യംകരണം അവയുടെ പുനരധിവാസം എന്നിവ നടപ്പിലാക്കുന്നതിന് സർക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.<br><br>**<u>ഗ്രാമപഞ്ചായത്തുകൾ കൈകൊണ്ടു വരുന്ന പ്രതിരോധ നടപടികൾ</u>**<br><br>സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52,144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതു വഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81,373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.<br><br>ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.<br><br>സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ.(സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്തുകളിൽ നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| | എ.ബി.സി. പ്രോഗ്രാം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | | |
| (ഡി) | എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഇപ്പോൾ ആലോചനയിൽ ഇല്ല. എ.ബി.സി പ്രോഗ്രാം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | തെരുവുനായ്ക്കൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളത്; അഡോപ്ഷൻ ക്യാമ്പുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ഇ) | തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, അടൂർ അങ്കമാലി, മഞ്ചേരി എന്നീ നഗരസഭകളിൽ തെരുവുനായകൾക്കായി അഡോപ്ക്യാഷൻ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റു നഗരസഭകളിൽ തെരുവുനായ്ക്കൾക്കായി അഡോപ്ക്യാഷൻ ക്യാമ്പുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ